**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 274** **08-06-2021 - ൽ മറുപടിയ്ക്ക്**

**ബാങ്ക് ലോണുകളുടെ മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മഹാമാരി ദുരിതം വിതച്ച പശ്ചാത്തലത്തിൽ സാധാരണക്കാരെ രക്ഷിക്കുന്നതിന് ബാങ്ക് ലോണുകൾക്ക് ആറു മാസത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിനോടും റിസർവ്വ് ബാങ്കിനോടും ആവശ്യപ്പെടുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാതിരിച്ചടവുകൾക്കും 31.12.2021 വരെ മോറട്ടോറിയം പ്രഖ്യാപിക്കണമെന്നും മോറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രി 21.05.2021 ലെ D.O. No.288/2021/CM നമ്പർ. കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരം താഴ്ത്താതെ തന്നെ വായ്പാ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0 –Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 – Resolution of Covid-19 related stress of Individual and Small Business പ്രകാരവും മാർഗ നിർദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. |
| (ബി) | കോവിഡിന്റെ പശ്ചാത്തലത്തിലും കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന നേരിടുവാനും ജനങ്ങളെ ഈ കഷ്ടതയിൽ നിന്നും രക്ഷിക്കുന്നതിനും പുതിയ ഒരു പാക്കേജ് നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ബി) | കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ |

| | | | |
|---|---|---|---|
| | | | നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കൈയിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ